

ജനുവരി 2020

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരേ,

21-ാം നൂറ്റാണ്ടിന്റെ രണ്ടാം ദശകം കടന്ന് മൂന്നാം ദശകത്തിലേക്ക് നാം പദമൂന്നുകയാണ്. സംവത്സരത്തിന്റെ അനുഭവങ്ങളെ തിരിഞ്ഞുനോക്കുമ്പോൾ അഥവാ രണ്ടാം ദശകത്തിന്റെ കാലഘട്ടത്തിലേക്കു നാം തിരിഞ്ഞുനോക്കുമ്പോൾ മൂന്നാം ദശകത്തിൽ എന്ത് എന്നു ചോദിച്ചുപോകും. മൂല്യാധിഷ്ഠിത ജനാധിപത്യത്തിൽ രൂപംകൊണ്ട സ്വതന്ത്രഭാരതം പല ദശകങ്ങൾ പിന്നിട്ടു. ഈ ജനുവരി മാസത്തിൽ റിപ്പബ്ലിക് ദിനാചരണത്തിലേക്ക് നാം നീങ്ങുന്നു. സ്വാമി വിവേകാനന്ദന്റെ കാലഘട്ടത്തിൽ കേരളം സന്ദർശിച്ച അദ്ദേഹം അന്ന് നിലവിലിരുന്ന കേരളത്തിന്റെ വിഭാഗീയതയും മനുഷ്യാവകാശ ധ്വംസനങ്ങളും കണ്ടപ്പോൾ ഇപ്രകാരം പ്രതിവചിച്ചു "കേരളം ഒരു ഭ്രാന്താലയമാണോ"? എന്ന്. എന്നാൽ മൂന്നാം ദശകത്തിലേക്ക് പ്രവേശിക്കുമ്പോൾ ഭാരതത്തിന്റെ സ്ഥിതി എന്താണ്? ഭാരതീയ ജനത പ്രതീക്ഷകളോടുകൂടി ഒരു ദശകത്തെ സ്വാഗതം ചെയ്യേണ്ട സ്ഥാനത്ത് നാട്ടിൽ നടക്കുന്ന പോലീസ് അതിക്രമങ്ങളും മനുഷ്യാവകാശ ധ്വംസനങ്ങളുടെ പശ്ചാത്തലത്തിൽ ഉളവാകുന്ന വിഭാഗീയതയും പുതിയ ദശകം എവിടേക്കു നമ്മെ നയിക്കുന്നു എന്നു ഗൗരവമായി ചിന്തിക്കാൻ പ്രേരിപ്പിക്കുകയാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ 2-ാം ദശകം ഒരു ലോകമഹായുദ്ധത്തെ അതിജീവിച്ചും പുനർനിർമ്മാണ പ്രക്രിയയിലൂടെ നീങ്ങിയെങ്കിലും 3-ാം ദശകത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയെ ലോകത്തിന് അഭിമുഖീകരിക്കേണ്ടി വന്നു. ആ കാലഘട്ടത്തിലെ വേദനകൾ ഉളവാക്കിയ പാഠങ്ങൾ മറക്കുവാൻ പാടുള്ളതല്ല. ആ വേദനകൾ നൽകിയ പാഠങ്ങൾ ഇന്നത്തെ നമ്മുടെ യാത്രയിൽ വഴിവിളക്കുകളായി തീരേണ്ടതാണ്.

ജനങ്ങൾ വിശ്വാസം അർപ്പിച്ച് അധികാരത്തിലേറ്റിയ സർക്കാരും സമചിത്തതയോടുകൂടി ഇന്നത്തെ അതിക്രമങ്ങൾക്ക് വിരാമം കുറിക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടത് അനിവാര്യമാണ്. ഭാഷയുടെയും മതത്തിന്റെയും വർഗത്തിന്റെയും സാമ്പത്തിക ഉച്ചനീചത്വങ്ങളുടെയും പിടിയിലമർന്നു നാം പോവുകയാണെങ്കിൽ ഈ ദശകം നമ്മെ വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്കും അരാജകത്വത്തിലേക്കും വഴി നയിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഇവ ഒഴിവാക്കുവാൻ സർക്കാർ ജാഗ്രത പുലർത്തണം. പൗരത്വ ബില്ലിനെ സംബന്ധിച്ചുണ്ടായ വിവാദം സർക്കാരും ജനങ്ങളും ഭവിഷ്യത്തുകളെ നല്ലവണ്ണം മനസ്സിലാക്കി കൈകാര്യം ചെയ്യേണ്ട ഒരു വിഷയമത്രെ. എന്നാൽ സ്വാർത്ഥപരമായ ചിന്തഗതികളിൽ ഉറച്ചുനിന്നുകൊണ്ട് അഭ്യൂഹങ്ങളുടെയും സംശയങ്ങളുടെയും പശ്ചാത്തലത്തിൽ നിഗമനങ്ങളിലെത്താതെ ഒരു പുനർചിന്തയ്ക്കും അനുരഞ്ജനത്തിനുമുള്ള സമയം സമാഗതമായിരിക്കുന്നു. നമ്മുടെ സാമൂഹ്യ മാധ്യമങ്ങളും സോഷ്യൽ മീഡിയായും എരിയുന്ന തീയിൽ എണ്ണ ഒഴിക്കാൻ ശ്രമിക്കാതെ അഗ്നി ശമിപ്പിക്കുന്നതിന് പ്രേരകങ്ങളായിത്തീരും എന്ന് ആശിക്കാം. സൈന്യത്താലുമല്ല ശക്തിയാലുമല്ല എന്റെ ആത്മാവിനാലത്രെ എന്നു ദൈവവചനം നമ്മെ പഠിപ്പിക്കുന്നു എങ്കിൽ നാം പഠിക്കേണ്ട പാഠം മഹാത്മജി നമ്മെ പഠിപ്പിച്ച പാഠമാണ്. പോലീസ് നടപടിയിലൂടെയും സൈന്യ നടപടിയിലൂടെയുമല്ല ഒരു ഭാരതം കെട്ടുപണി ചെയ്യേണ്ടത്, പ്രത്യുത സഹകരണത്തിലൂടെയും സഹവർത്തിത്വത്തിലൂടെയുമായിരിക്കണം നമ്മുടെ രാഷ്ട്രം കെട്ടുപണി ചെയ്യപ്പെടേണ്ടത്.

നാം നീതിയിൻ സൂര്യന്റെ ഉദയപ്രകാശത്തിൽ രണ്ടാം ദശകത്തിലേക്ക് പ്രവേശിക്കുന്നു. ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്ക് പ്രകാശിച്ച് നമ്മുടെ കാലുകളെ സമാധാന മാർഗ്ഗത്തിൽ നടത്തേണ്ടതിന് ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു. അതിന്റെ മുൻകുറിയായ ഉദയനക്ഷത്രമായി വന്ന സ്നാപക യോഹന്നാന്റെ ജനനവും സഭ അനുസ്മരിച്ചു. ദൈവം സൃഷ്ടിച്ച മനുഷ്യനിൽ ദൈവം നിക്ഷേപിച്ചതായ മാനവികതയുടെ പൂർണ്ണത അന്ധകാരം പിടിച്ചിരിക്കുന്ന സമൂഹത്തിന് പ്രകാശമായി നൽകുവാൻ വന്ന ആ ഉദയത്തിന്റെ പെരുന്നാളും നാം അനുസ്മരിച്ചു. ആ ഉദയത്തെ ഉൾക്കൊള്ളുവാൻ ദൈവം നസ്രേത്തിലെ ഒരു കുടുംബത്തെ ഒരുക്കിയ ചരിത്രവും അനുസ്മരിച്ചു. ദൈവം അരുളി ചെയ്തതിന് നിവൃത്തിവരും എന്നു വിശ്വസിച്ച് പ്രതിസന്ധികളെ തരണം ചെയ്ത് ആ ദൈവിക ദാനത്തെ സ്വീകരിക്കുവാൻ നിലവിലിരുന്ന മാനവികത തയ്യാറായില്ല എങ്കിലും ദൈവം ഏൽപ്പിച്ച ദൈവപുത്രനെ യോസഫും മറിയയും സമർപ്പിത ചേതസ്സുകളായി ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ വളർത്തിക്കൊണ്ടു വന്ന് ലോകത്തിന് സമ്മാനിച്ചു. ഇന്നും മാനവികതയുടെ ചൈതന്യത്തെ വളർത്തിയെടുക്കുന്നതിൽ നാമും പ്രതിജ്ഞാബദ്ധരായിരിക്കണം. നമ്മുടെ ഭാരതീയ സംസ്കാരം ഈ സ്നേഹത്തിന്റെ ഐക്യത്തെ വിളിച്ചോതുന്ന സംസ്കാരമാണ്. എല്ലാവരിലും ഉള്ള ദൈവീക അംശത്തെ ആദരിച്ചുകൊണ്ട് തന്നിൽ കുടികൊള്ളുന്ന ദൈവിക ചൈതന്യത്തെ തിരിച്ചറിഞ്ഞുകൊണ്ട് വളർന്നുവന്ന തത്ത്വമസി എന്ന വാക്യം മുഖ്യ മുഖമുദ്രയായി അടയാളപ്പെടുത്തപ്പെട്ട ശബരിമലയിലേക്ക് വ്രതാനുഷ്ഠാനുങ്ങളോടുകൂടി പോകുന്ന ഹൈന്ദവ സഹോദരങ്ങൾ പരസ്പരം അഭിസംബോധന ചെയ്യുന്നത് സ്വാമി അയ്യപ്പൻ എന്നീ പേരുകളിലാണ് എന്നത് ഒരു സംസ്കാരത്തിന്റെ ചിഹ്നം തന്നെയാണ്. അവിടെയും വിഭാഗീയത കൊണ്ടു വരുവാൻ ശ്രമിക്കുന്ന അനഭിലഷണീയ പ്രവണതകൾ വിശ്വാസ സമൂഹം പരിത്യജിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഗാന്ധിജി വിഭാവനം ചെയ്ത രാമരാജ്യം പ്രജകളെല്ലാം ദൈവജനമായി മാറുന്ന രാജ്യമായിരുന്നു. മതേതര മൂല്യങ്ങളിൽ അടിയുറച്ചു നിന്ന് മുന്നേറുവാൻ നമ്മുടെ രാഷ്ട്രത്തെ ശക്തീകരിക്കണമേ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ സഭയുടെ സീനിയർ എപ്പിസ്കോപ്പാ ഡോ.ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പാ, എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് പ്രവേശിച്ചതിന്റെ 30 സംവത്സരങ്ങൾ പിന്നിടുന്നതിന്റെ ഭാഗമായി ഒരു അനുമോദന സമ്മേളനം മുംബൈ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 7-ാം തീയതി മുംബൈ കിർക്കി മാർത്തോമ്മാ പള്ളിയിൽവെച്ച് നടത്തപ്പെടുകയുണ്ടായി. ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി പൂനായിൽ ചെന്നപ്പോൾ ദീർഘസംവത്സരങ്ങൾക്കുശേഷം പൂനാ മേഖലാ സന്ദർശിക്കുവാനുള്ള ഒരു അവസരവും ലഭ്യമായതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. നല്ല ഹൃദ്യമായ ക്രമീകരണമാണ് ഈ സമ്മേളനവുമായി ബന്ധപ്പെട്ട് ചെയ്തിരുന്നത്. ഭദ്രാസന അദ്ധ്യക്ഷനെ സമുചിതമായി ആദരിക്കുന്നതിന് വേണ്ട ക്രമീകരണം ചെയ്ത ഭദ്രാസനത്തെയും ചുമതലക്കാരേയും ആ സമ്മേളനം ഏറെ അനുഗ്രഹപ്രദമാക്കുവാൻ സഹകരിച്ച എല്ലാവരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

ഡിസംബർ മാസത്തിൽ നിരവധി ഉദ്ഘാടനങ്ങൾ നിർവ്വഹിപ്പാൻ ലഭിച്ച ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കുന്നു. പുനലൂർ വി.ഒ. യുപി സ്കൂൾ അതിന്റെ വളർച്ചയുടെ സുപ്രധാന ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. കെട്ടിടങ്ങൾക്ക് ആവശ്യമായ പുനർനിർമ്മാണ ക്രമീകരണങ്ങൾ ചെയ്യുക മാത്രമല്ല, ഓരോ ക്ലാസ് മുറിയും സാങ്കേതിക വിദ്യയിലൂടെ ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്തി സജ്ജീകരിച്ച് പാഠപുസ്തകരഹിത വിദ്യാലയമായി രൂപപ്പെടുത്തുകയും ചെയ്തു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. സ്കൂളിന്റെ ഈ നവീകരിച്ച കെട്ടിട

ത്തിന്റെ കൂദാശ നിർവ്വഹിക്കുകയും പാഠപുസ്തക രഹിത ക്ലാസ് റൂം സംവിധാനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഒരു കാലഘട്ടത്തിൽ Uneconomic സ്കൂളായി മാറിപ്പോയ സ്കൂളിൽ 50 വിദ്യാർത്ഥികൾ മാത്രമുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് Economic സ്കൂളായി മാറിയെന്നു മാത്രമല്ല ഇരുന്നൂറിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു സ്കൂളായി രൂപപ്പെട്ടുവെന്നത് ഏറെ അഭിനന്ദനാർഹമാണ്. നമ്മുടെ മാനേജ്മെന്റിൽ പുസ്തകരഹിത വിദ്യാലയമായി മാറിയ ആദ്യത്തെ സ്കൂളാണ് നമ്മുടെ വി.ഒ. യുപി സ്കൂൾ. ഈ സ്കൂളിന്റെ പ്രവർത്തനങ്ങളും വളർച്ചയും ഉയർച്ചയും നമ്മുടെ മാനേജ്മെന്റിലെ എല്ലാ സ്കൂളുകൾക്കും ഒരു പ്രചോദനമായി തീരട്ടെ എന്ന് ആഗ്രഹിക്കുന്നു. ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ നേതൃത്വം നൽകുന്ന റവ.പി.ഫിലിപ്പ് അച്ചനേയും ഹെഡ്മാസ്റ്റർ ശ്രീ. ബിജു കെ. തോമസിനെയും അവരോടൊപ്പംനിന്നു പ്രവർത്തിച്ച എല്ലാവരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

കോട്ടയം-കൊച്ചി ഭദ്രാസന ചുമതലയിലുള്ള കമ്പം മിഷൻ സെന്ററിന്റെ പ്രതിഷ്ഠാ ശുശ്രൂഷ ഡിസംബർ 9-ാം തീയതി നിർവ്വഹിച്ചു. കോട്ടയം-കൊച്ചി ഭദ്രാസനത്തിൽ ഉൾപ്പെട്ട എറണാകുളം സെന്റർ സേവികാസംഘത്തിന്റെ ഉത്സാഹത്തിലത്രേ ഈ സെന്ററിന്റെ നിർമ്മിതി സാദ്ധ്യമായത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. കുമളി-ഡിണ്ടിഗൽ പാതയുടെ സമീപത്തുള്ള ഈ സെന്റർ തദ്ദേശവാസികളായ പാവപ്പെട്ടവരായ എയ്ഡ്സ് രോഗികളുടെ പുനരധിവാസത്തിനായി പ്രവർത്തിക്കുന്നു. ഈ സ്ഥലത്തോട് ചേർന്ന് 50 സെന്റ് സ്ഥലംകൂടി ലഭിക്കാനുള്ള സാദ്ധ്യത തെളിഞ്ഞുവരുന്നുണ്ട്. ഒരു സെന്റിന് എഴുപതിനായിരം രൂപായാണ് ചോദിക്കുന്നതെങ്കിലും അറുപതിനായിരം രൂപയ്ക്ക് ലഭ്യമാകുവാൻ സാധ്യതയുണ്ട്. ഈ സ്ഥലം വാങ്ങിക്കുന്നതിനായി സുമനസ്സുകളായ വ്യക്തികളും ഇടവകകളും ഒരു സെന്റ് സ്ഥലത്തിന്റെ വിലയോ അരസെന്റ് സ്ഥലത്തിന്റെ വിലയോ നല്കി സഹകരിച്ചാൽ കമ്പം മാർത്തോമ്മാ സെന്ററിന് അതൊരു മുതൽക്കൂട്ടായി തീരുകയും സമൂഹത്തിന് അനുഗ്രഹകരമായ അനേക പ്രോജക്ടുകൾ നടപ്പിലാക്കാൻ സാദ്ധ്യമാവുകയും ചെയ്യും എന്ന് ഓർമ്മിപ്പിക്കട്ടെ.

കൂർത്തമല ഇടവക നിർമ്മിച്ചതായ പാരീഷ് ഹാളിന്റെ കൂദാശ ഡിസംബർ 20-ാം തീയതിയും കവുംങ്ങുംപ്രയാർ ഇടവകയുടെ പാരിഷ്ഹാളിന്റെ കൂദാശ ഡിസംബർ 22-ാം തീയതിയും നിർവ്വഹിക്കുകയുണ്ടായി. ഈ രണ്ട് വിശാലമായ പാരിഷ് ഹാളുകളും ഏകദേശം രണ്ടായിരം പേർക്ക് സമ്മേളനങ്ങളിൽ പങ്കെടുക്കാൻ കഴിയുന്ന ഇരിപ്പിട സൗകര്യങ്ങളോടുകൂടിയതും ആയിരംപേർക്ക് ഇരിക്കാവുന്ന ഭക്ഷണ ഹാളിന്റെ സൗകര്യങ്ങളോടുകൂടിയതുമാണ്. സൗകര്യപ്രദമായ ഈ പാരിഷ് ഹാളുകൾ നിർമ്മിക്കുന്നതിൽ മുന്നിട്ടിറങ്ങിയ ഇടവകകളെ പ്രത്യേകം അഭിനന്ദിക്കുന്നു.

റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിൽ ഉൾപ്പെട്ട ആങ്ങമൂഴിയിൽ സ്ഥാപിച്ച മാർത്തോമ്മാ നിലയ്ക്കൽ റിന്യൂവൽ സെന്ററിന്റെ പ്രതിഷ്ഠാ ശുശ്രൂഷ ഡിസംബർ 23-ാം തീയതി നിർവ്വഹിച്ചു. ശബരിമല തീർത്ഥാടന കേന്ദ്രത്തിന് സമീപത്തുള്ള ഈ സെന്ററിൽ ക്യാമ്പുകൾ, കോൺഫ്രൻസുകൾ, റിട്രീറ്റുകൾ നടത്തുവാനുള്ള സൗകര്യങ്ങളുണ്ട്. ഈ സെന്ററിന്റെ നിർമ്മാണ പ്രവർത്തനത്തിന് നേതൃത്വം നൽകിയ ഭദ്രാസന ചുമതലക്കാരേയും ബന്ധപ്പെട്ടവരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ ചെങ്ങന്നൂർ കോളേജിന്റെ നാക് അക്രെഡിറ്റേഷനുവേണ്ടിയുള്ള ഉന്നതതല സമിതിയുടെ സന്ദർശനം നടക്കുകയുണ്ടായി. നല്ല അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കവിയൂരുള്ള നമ്മുടെ സിബിഎസ്ഇ സ്കൂളിന്റെ അംഗീകാരം സിബിഎസ്ഇ ഉന്നതതല സമിതിയുടെ സന്ദർശനത്തിന് ശേഷം ലഭ്യമായി എന്നത് അഭിമാനകരമായ കാര്യമാണ്. സ്കൂളിന്റെ വളർച്ചയ്ക്ക് തടസ്സമായി നിന്ന പ്രതിസന്ധികളെല്ലാം ഇതോടുകൂടി മാറിയിരിക്കുകയാണ്. കൂടുതൽ ഉയർച്ചയുടെ പടവുകൾ കയറുവാൻ നമ്മുടെ ചെങ്ങന്നൂർ കോളജിനും കവിയൂർ സ്കൂളിനും കഴിയട്ടെയെന്ന് ആശംസിക്കുന്നു.

കർണ്ണാടകയിലെ നമ്മുടെ ഹോസ്കോട്ട് നേഴ്സിംഗ് സ്കൂൾ ഇന്ന് ആ സംസ്ഥാനത്ത് ഒന്നാം നിരയിലെത്തിയിരിക്കുന്നു എന്നത് സന്തോഷകരമായ ഒരു വസ്തുതയാണ്. ഇക്കഴിഞ്ഞ പരീക്ഷയുടെ ഫലം വന്നപ്പോൾ 47 പേർ പരീക്ഷ എഴുതിയതിൽ മുഴുവൻ പേരും പാസ്സായി എന്നു മാത്രമല്ല ഈ 100% വിജയത്തിൽ 12 പേർ ഡിസ്റ്റിംഗ്ഷനും 35 പേർ ഫസ്റ്റ് ക്ലാസ്സും നേടുകയുണ്ടായി എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അഭിമാനകരമായ വിജയം കൈവരിച്ച നേഴ്സിംഗ് സ്കൂളിനേയും ചുമതലക്കാരേയും അദ്ധ്യാപകരേയും വിദ്യാർത്ഥികളെയും അഭിനന്ദനം അറിയിക്കുന്നു.

സുവർണ്ണജൂബിലി നിറവിലായിരിക്കുന്ന നമ്മുടെ ഡിഎസ്എംസിയുടെ ആഭിമുഖ്യത്തിൽ 'പുൽക്കൂട്ടിൽ പൂക്കാലം' എന്ന ക്രിസ്തുമസ് പ്രോഗ്രാം നവംബർ 30-ാം തീയതി തിരുവല്ലായിൽ നടന്നതിന് പുറമേ ഡിസംബർ 7-ാം തീയതി കുണ്ടറ ശാലേം പള്ളിയിലും ഡിസംബർ 11-ാം തീയതി ചുങ്കത്തറ ശാലേം പള്ളിയിലും വളരെ ഹൃദ്യമായും അനുഗ്രഹപ്രദമായും നടന്നു. എല്ലായിടത്തും ഹൃദ്യമായ സ്വീകരണമാണ് ലഭിച്ചതെന്നോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

സി.ബി.സി.ഐ. യുടെ നേതൃത്വത്തിൽ എക്യൂമെനിക്കൽ ദർശനത്തെക്കുറിച്ചുള്ള സഭാ മേലദ്ധ്യക്ഷൻമാരുടെ ഒരു പാനൽ ഡിസ്കഷൻ ഡിസംബർ 12-ാം തീയതി എറണാകുളത്തുവച്ച് നടന്നതിൽ സംബന്ധിച്ചു. ഡിസംബർ 12 മുതൽ 19 വരെ മലേഷ്യ യൂത്ത് കോൺഫ്രൻസിൽ സംബന്ധിച്ചത് വളരെ ധന്യമായ ഒരനുഭവമായിരുന്നു. കുറേ നാളുകളായി പല കാരണങ്ങളാൽ മുടങ്ങിക്കിടന്നിരുന്ന ആ കോൺഫറൻസിന്റെ പുനരുജ്ജീവനമാണ് അവിടെ ദർശിക്കുവാൻ കഴിഞ്ഞത്. കോലാലംപൂർ, സെറമ്പൻ, ബാന്റിംഗ് എന്നിവിടങ്ങളിലെ ഇടവക ചുമതലക്കാരെയുംജനങ്ങളെയും സന്ദർശിക്കുവാനും കഴിഞ്ഞു. ഭദ്രാസനത്തിലെ ഇടവക സന്ദർശനമല്ലായിരുന്നു എന്ന് ഓർമ്മിപ്പിക്കട്ടെ. മലേഷ്യ സോണൽ കൗൺസിലിന്റെ മീറ്റിംഗിലും സംബന്ധിച്ചു.

ഡിസംബർ 22-ാം തീയതി നമ്മുടെ വയലത്തല മാർത്തോമ്മാ ഇടവകയുടെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുക്കുകയും കുർബ്ബാന അനുഷ്ഠിക്കുകയും ചെയ്തു. ഡിസംബർ 25-ാം തീയതി ക്നാനായ അതിഭദ്രാസനത്തിന്റെ കൂനൻ കുരിശ് അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡിസംബർ 27-ാം തീയതി എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ പള്ളിയിൽവച്ച് നടന്ന എക്യൂമെനിക്കൽ ക്രിസ്തുമസ് ഗാനശുശ്രൂഷയിൽ സംബന്ധിച്ചു സന്ദേശം നൽകി. പുഷ്പഗിരി ഡയമണ്ട് ജൂബിലി സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

ആദരണീയനായ മിസോറാം ഗവർണർ ശ്രീ. പി.എസ്. ശ്രീധരൻപിള്ള പൂലാത്തീനിൽ സൗഹൃദ സന്ദർശനം നടത്തുകയുണ്ടായി. അദ്ദേഹത്തെ സ്വീകരിച്ച് ആശംസകൾ നേർന്നത് ഹൃദ്യമായ അനുഭവമായിരുന്നു.

പ്രളയദുരിത നിവാരണ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സഭയായി നിർമ്മിച്ച വീടുകളുടെ താക്കോൽദാനം ആദരണീയനായ കേരളാ ഗവർണ്ണർ ശ്രീ. ആരീഫ് മുഹമ്മദ് ഖാൻ ജനുവരി 2-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് തിരുവല്ലായിലുള്ള സഭാ ഓഡിറ്റോറിയത്തിൽ വച്ച് നിർവ്വഹിക്കുന്നതാണ്.

നമ്മുടെ സഭയുടെ അഭിമാനവും കുട്ടനാട്ടിലെ ജനങ്ങൾക്ക് കരുതലിന്റെ ഒരു വരദാനവുമായിരുന്ന തോമസ് ചാണ്ടി ഡിസംബർ 21-ാം തീയതി ഉച്ചകഴിഞ്ഞ് കർത്താവിൽ നിദ്ര പ്രാപിച്ചു. അദ്ദേഹത്തിന്റെ സ്ഥാപനങ്ങളുടെ മേൽനോട്ടവും ജനപ്രതിനിധി എന്ന നിലയിലുള്ള ഉത്തരവാദിത്വങ്ങളുടെ നിർവ്വഹണവും രോഗാതുരനായി കഴിയുന്ന നാളുകളിലും അദ്ദേഹം ശുഷ്കാന്തിയോടുകൂടി നിർവ്വഹിക്കുമായിരുന്നു. തികഞ്ഞ മാർത്തോമ്മാ സഭാവിശ്വാസിയും സ്വപ്രയത്നത്താൽ അനേകം സ്ഥാപനങ്ങളിലൂടെ അനേകർക്കു ജോലി നൽകത്തക്കവിധത്തിൽ ഒരു പ്രസ്ഥാനമായി മാറുകയും ചെയ്ത അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ദൈവം അനുഗ്രഹിച്ച് ദൈവം നിശ്ചയിച്ച സമയത്തും വിധത്തിലും തന്റെ സമാധാന സേനയിലേക്കു ചേർക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും അദ്ദേഹത്തിന്റെ സ്വന്തം കുടുംബാംഗ

ങ്ങളുടെയും ദുഃഖത്തിൽ മാർത്തോമ്മാ സഭയും പങ്കുചേരുന്നു, ആദരാഞ്ജലികൾ അർപ്പിക്കുന്നു. നാടിനും നാട്ടിലെ ജനങ്ങൾക്കും തികഞ്ഞ മനുഷ്യസ്നേഹിയായിരുന്ന അദ്ദേഹം നൽകിയ സഹായങ്ങൾ കുട്ടനാട്ടിലെ ജനത ഒരിക്കലും മറക്കില്ല. അദ്ദേഹം ഒരു രാഷ്ട്രീയക്കാരൻ എന്നതിനേക്കാൾ ഉപരിയായി ജനസേവകനായ ഒരു വ്യവസായിയായിരുന്നു. ചുരുങ്ങിയ കാലഘട്ടം അദ്ദേഹം മന്ത്രിയുമായിരുന്നു. എംഎൽഎ ആയി 14 വർഷം അദ്ദേഹം ശുശ്രൂഷ ചെയ്തു. സ്വാർത്ഥ ലാഭേച്ഛ കൂടാതെ സേവനം അനുഷ്ഠിച്ച അദ്ദേഹത്തെ വിമർശിച്ചവരോടും ഒരു കാലത്തും ഒരു പ്രതികാര മനോഭാവം അദ്ദേഹം കാണിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. മാർത്തോമ്മാ സഭ കുട്ടനാട്ടിലെ ജനങ്ങളോടൊപ്പം സഭയുടെ അനുശോചനവും സന്തപ്ത കുടുംബത്തോട് അറിയിക്കുന്നു.

നവവൽസരദിനം പ്രതീക്ഷകളോടുകൂടി നാം ഏറ്റുവാങ്ങുന്നു. സഭയെ സംബന്ധിച്ചിടത്തോളം പരിച്ഛേദനപെരുന്നാൾ ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയുടെ തുടർച്ച അനുസ്മരിപ്പിക്കുന്നു. ജനുവരി 1 ബുധൻ പരിഛേദന പെരുന്നാളാണ്. ദൈവം സൃഷ്ടിച്ച മനുഷ്യന്റെ ദൈവവുമായുള്ള ഉടമ്പടിയുടെ പുതുക്കത്തിന്റെ ഒരു അനുഭവമായി പുതിയ സംവത്സരം തീരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ജനുവരി 5 ഞായർ ആട്ടിടയന്മാരുടെ സന്ദർശനത്തിലൂടെ രക്ഷയുടെ അടയാളം പഞ്ചേന്ദ്രിയങ്ങൾക്ക് വിധേയമായി മനസ്സിലാക്കുന്നതിന് ശീലകളിൽ പൊതിഞ്ഞ് ബേത്‌ലഹേം ഓഫർത്തായിൽ (പുൽക്കൂട്ടിൽ) കിടത്തപ്പെട്ട ശിശുവിനെ ആട്ടിടയർ കണ്ട സംഭവത്തെ അനുസ്മരിപ്പിക്കുന്നു. പുറമേയുള്ള സഹായമില്ലാതെ ജീവൻ നിലനിർത്താൻ സാധ്യതയില്ലാതെ ജനിച്ച ആ ശിശു ദൈവകൃപയാൽ പൊതിയപ്പെട്ട് കിടത്തപ്പെട്ടത് ഒരു പുൽക്കൂട്ടിലാണ്. ആ കുഞ്ഞിനെ പിതാവായ ജോസഫ് താൻ ഇട്ടിരുന്ന പുറംകുപ്പായം വിരിച്ച് ധന്യമായ ഒരു പുൽക്കൂട് ഒരുക്കി അതിൽ കിടത്തിയെന്നു നമുക്ക് കരുതാം. കുഞ്ഞിനെ കിടത്തുവാൻവേണ്ടി ഒരു പുൽക്കൂട് ഒരുക്കാൻ മാതാവ് നിർദ്ദേശിച്ചിരിക്കാം. എന്നാൽ അവിടെനിന്നും ഭവനാന്തരീക്ഷത്തിലേക്കു മാറ്റപ്പെട്ട ശിശുവിനെയാണ് വിദ്വാന്മാർ സന്ദർശിച്ചത് എന്ന് നാം മനസ്സിലാക്കണം. ദൈവത്തിന്റെ കൽപ്പനകൾ അനുസരിക്കുന്ന മാതാപിതാക്കളുടെ ഭക്തിനിർഭരവും സ്നേഹനിർഭരവുമായ ഭവനാന്തരീക്ഷത്തിലാണ് ആ കുഞ്ഞ് ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നുവന്നത്. വിദ്വാന്മാർ നക്ഷത്രം തെളിച്ച വഴിത്താരയിലൂടെ നടന്ന് ആ ഭവനത്തിലെത്തി കുഞ്ഞിനെ സന്ദർശിച്ചപ്പോൾ അവർ പുതിയ മാനവികതയെ അംഗീകരിച്ച്, ആദരിച്ച് ആ കുഞ്ഞിന്റെ മുമ്പാകെ പൊന്നും മൂരും കുന്തിരിക്കവും സമർപ്പിക്കുകയായിരുന്നു. ഈ വളർന്നുവന്ന മാനവികത ദർശിച്ചിട്ടാണ് നസ്രായനായ യേശുവിനെക്കുറിച്ച് പീലാത്തോസ് ഇപ്രകാരം പറഞ്ഞത് – 'ഇതാ ഒരു മനുഷ്യൻ'. ജനുവരി 6 തിങ്കൾ ദനഹാപ്പെരുന്നാൾ ആചരിക്കുന്നു. ദനഹായുടെ സാരാംശം ദൈവം സൃഷ്ടിച്ച മനുഷ്യരിൽ പാപരഹിതനായി ജീവിച്ച ഏക വ്യക്തിയെക്കുറിച്ച് സ്നാനവേളയിലെ ദർശനത്തിൽ സ്വർഗ്ഗം വിളിച്ചുപറഞ്ഞത് "ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നത്രെ. ഇന്നും സ്വർഗ്ഗം ഭൂമിയോട് പറയുന്നത് ഈ വാക്കുകൾ തന്നെയാണ്. പാപമയമായ ലോകത്തിൽ പാപമുള്ളവരുടെ ഇടയിൽ വസിക്കുന്ന മനുഷ്യൻ ദൈവീക ദർശനത്തിൽ എങ്ങനെയാണ് രൂപാന്തരപ്പെടേണ്ടത് എന്നതിന്റെ മാതൃകയാണ് യെശയ്യാവിന് പണ്ടുണ്ടായ ദർശനത്തിൽ നാം കാണുന്നത്. യെശയ്യാവിന് ദർശനമുണ്ടാകുമ്പോൾ താൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള മനുഷ്യനാണെന്നും താൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള മനുഷ്യരുടെ ഇടയിലാണ് വസിക്കുന്നതെന്നും തിരിച്ചറിഞ്ഞ യെശയ്യാവിന്റെ അടുക്കലേക്ക് യാഗപീഠത്തിൽനിന്ന് ഒരു തീക്കനൽ എടുത്തുകൊണ്ട് വരുന്ന സാറാഫ് അവന്റെ വായ്ക്ക് അതു തൊടുവിക്കുമ്പോൾ അവന്റെ അകൃത്യം നീങ്ങി ശുദ്ധി വന്നതായി തിരിച്ചറിയുകയും ആ നിമിഷങ്ങളിൽ 'ഞാൻ ആരെ അയക്കേണ്ടു ആർ നമുക്കുവേണ്ടി പോകും" എന്നു ചോദിക്കുന്ന ദൈവീകശബ്ദം കേട്ടിട്ട് "അടിയനിതാ, അടിയനെ അയയ്ക്കേണമേ" എന്ന് പറഞ്ഞ് യെശയ്യാവ് തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്ന സംഭവം ഹൃദയസ്പർശിയാണ്. ക്രിസ്തുവാണ് നമ്മെ നമ്മുടെ പാപങ്ങളിൽനിന്നും വിടുവിക്കുന്ന കാൽവരിയിലെ യാഗപീഠത്തിലെ യഥാർത്ഥ കനലെന്ന് നാം തിരിച്ചറിയണം. ജനുവരി 8 ബുധൻ വിശുദ്ധ സ്തേഫാനോസിന്റെ ജീവിതത്തെ നാം അനുസ്മരിക്കുന്നു. തന്റെ ശരീരത്തിൽ കല്ലുകൾ വന്ന് വീഴുമ്പോഴും സ്വർഗ്ഗത്തേക്ക് നോക്കി ദിവ്യദർശനം കാണുന്ന, തന്നെ കല്ലെറിയുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന സ്തേഫാനോസിന്റെ മാതൃക, ഈ ആദ്യത്തെ രക്തസാക്ഷിയിൽനിന്നും നാം ഉൾക്കൊള്ളേണ്ട മഹനീയ മാതൃകയാണ്. പിന്നീട് ജനുവരി 12-ാം തീയതി ഞായർ ലഹരി വിരുദ്ധഞായറായി നാം ആചരിക്കുന്നു. നമ്മുടെ ശരീരം വിശുദ്ധിയിൽ കാക്കേണ്ട ദൈവത്തിന്റെ മന്ദിരമാണ്. നമ്മുടെ ഈ ശരീരം ഈ ഭൂമിയിലെ ധാതുക്കളാൽ ദൈവം രൂപപ്പെടുത്തിയ ശരീരമാണ്. ഈ ധാതുക്കളുടെ സാന്നിധ്യത്തിൽ കുറവു സംഭവിക്കുമ്പോൾ നാം രോഗിയായിത്തീരും. എന്നാൽ ആ കുറവ് പരിഹരിക്കുമ്പോൾ നാം സുഖത്തിലേക്കും ആരോഗ്യത്തിലേക്കും കടന്നുവരും. ഇത് ആത്മീയ ജീവിതത്തിനും ബാധകമായ സത്യമാണ്. നമ്മുടെ ശരീരം ലഹരിക്കടിപ്പെടുമ്പോൾ മൂല്യങ്ങളുടെ ധാതുക്കൾ കുറയുകയും നമ്മുടെ ശരീരമായ ദൈവത്തിന്റെ മന്ദിരം രോഗാതുരമാവുകയും ചെയ്യും. പുകവലിയും മദ്യപാനവും മാത്രമല്ല ടെക്നോളജിക്കൽ അഡിക്ഷനും ഇന്ന് അനേകരെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇവ വിട്ടോടി ജീവനുള്ള മന്ദിരങ്ങളായി വളരുവാൻ ദൈവകൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. ലഹരി വിരുദ്ധ സമിതികളുടെ ആഭിമുഖ്യത്തിൽ ഇതിനായി നടക്കുന്ന ആത്മാർത്ഥവും തീവ്രവുമായ പരിശ്രമങ്ങൾ ഫലം കാണേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം. ജനുവരി മാസം 19-ാം ഞായറാഴ്ച എക്യൂമെനിക്കൽ ഞായറായിട്ട് സഭ വേർതിരിച്ചിരിക്കുന്നു. ഒരു പൂമാലയിലെ വ്യത്യസ്തനിറത്തിലുള്ള പൂക്കൾ പോലെയാണ് ക്രൈസ്തവ സഭകൾ. നാനാത്വം ജീവിതത്തിന്റെ സൗന്ദര്യമാണ്, ദേശത്തിന്റെ സൗഭാഗ്യമാണ്, സംസ്കാരത്തിന്റെ ചൈതന്യമാണ്. എന്നാൽ വിഭാഗീയത ജീവിതത്തിന്റെ വൈരൂപ്യമാണ്, ദേശത്തിന്റെ ദൗർഭാഗ്യമാണ്, സംസ്കാരത്തിന്റെ അപചയമാണ്. നാനാത്വത്തിൽ ഏകത്വം നാനാത്വത്തിന്റെ സൗന്ദര്യത്തെ ഏറെ വർദ്ധിപ്പിക്കുന്നു. സഭകളുടെ എക്യുമെനിസത്തിന്റെ കാര്യത്തിലും ഇതൊരു യാഥാർത്ഥ്യമാണ്. ജനുവരി 26 ഭാരത റിപ്പബ്ലിക് ദിനമാണ്. ഒരു ഉദ്യാനത്തിലെ വ്യത്യസ്ത നിറങ്ങളുള്ള പൂക്കളെല്ലാം പരസ്പര പൂരകങ്ങളായി വർത്തിക്കുമ്പോഴാണ് ഒരു പുഷ്പോത്സവത്തിന്റെ വർണ്ണശോഭ പ്രശോഭിതമാകുന്നത് എന്ന് നാം തിരിച്ചറിയണം. സ്വതന്ത്ര ഭാരതത്തെ കുറിച്ച് നമ്മുടെ രാഷ്ട്രപിതാവ് ദർശിച്ച മഹത്തായ സ്വപ്നങ്ങളിൽ നിന്നും നാം എത്രയോ പിന്നോട്ട് പോയിരിക്കുന്നു എന്ന് ആനുകാലിക സംഭവവികാസങ്ങൾ വ്യക്തമാക്കിത്തരുന്നു. 'മടങ്ങി വരുവീൻ' എന്ന് അഹിംസയുടെ ആ പ്രവാചകൻ ഇപ്പോഴും നമ്മോടു പറയുന്നു. മഹാത്മജി ദർശിച്ച മാനവികത അപരനോടുള്ള ബഹുമാനത്തിൽ വളർന്നുവരുന്ന ഒരു മാനവികതയായിരുന്നു. ഇന്നു നാം കാണുന്നത് കോരഹ് പുത്രന്മാർ പണ്ട് നൂറ്റാണ്ടുകൾക്കു മുമ്പ് കുറിച്ചുവെച്ച സങ്കീർത്തനത്തിലെ ഒരു വാക്യത്തിന്റെ വേദനാജനകങ്ങളായ അടയാളങ്ങളാണ്.

'മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനത്രെ' (സങ്കീ. 49:20). എന്നാൽ നമ്മുടെ വിശ്വാസം വലിയവനായ ദൈവത്തിലുള്ള ആശ്രയത്തിൽ അടിസ്ഥാനപ്പെട്ട പ്രതീക്ഷയും പ്രത്യാശയുമാണ്. കോരഹ് പുത്രന്മാർ ആ വിശ്വാസം പ്രഖ്യാപിച്ചത് വലിയ പ്രതീക്ഷയോടും പ്രത്യാശയോടുംകൂടി നാം മറ്റൊരു സങ്കീർത്തനത്തിൽ ദർശിക്കുന്നു. ഈ പ്രതീക്ഷയും പ്രത്യാശയും ദൈവാശ്രയവും നമ്മെ പുതു സംവത്സരത്തിൽ വഴി നടത്തട്ടെ.

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ



പുലാത്തീൻ,
30-12-2019

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**